# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3475 — 12.05.2017-ൽ മറുപടിയ്ക്ക്

## ഉയർന്ന അന്തരീക്ഷ താപം കാരണം കാട്ടുതീയുടെ സാധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്.പി | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഉയർന്ന അന്തരീക്ഷ താപം കാട്ടുതീയുടെ സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 2016-ലെ തുലാവർഷത്തിലും കാലവർഷത്തിലും കാര്യമായ കുറവ് വന്നിട്ടുള്ളതും വേനൽമഴയുടെ അഭാവവും കടുത്ത വരൾച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വനമേഖലയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് വനം വകുപ്പ്, വനമേഖലയിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളും നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുതീ കാരണം എത്ര വനം നശിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2,984.18 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലും, പദ്ധതികളിലും ലഭ്യമായ തുക ക്രോഡീകരിച്ച് കാട്ടുതീ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് അവയ്ക്ക് അനുസരണമായി തുക വിനിയോഗിച്ചു വരുന്നു. തീ പടർന്ന് പിടിക്കാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ ഫയർ ലൈനുകൾ ജനുവരി മാസത്തിൽ തന്നെ തെളിച്ചുകഴിഞ്ഞു. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഉൾപ്പെടെ 274 ജീവനക്കാർ രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

കാട്ടുതീയുടെ സാന്നിദ്ധ്യം എത്രയും വേഗം കണ്ടെത്തുവാനും ബന്ധപ്പെട്ട ജീവനക്കാർക്ക് ആയത് നിയമന്ത്രിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുമായി സംസ്ഥാന വ്യാപകമായി സ്ഥിരം/താൽക്കാലിക വാച്ച് ടവറുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കാട്ടുതീ ഉണ്ടായാൽ ഉടൻ തന്നെ അതിനെ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർമസ്ദൂർമാരെയും, പ്രായേണ വലിയ തീയെ നേരിടാൻ ഫയർ ഗ്യാങ്ങുകളെയും നിയമിച്ചിട്ടുണ്ട്.

വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ജനവാസ മേഖലയോട് അടുത്ത വനമേഖലകളിൽ കാട്ടുതീ പ്രതിരോധ/ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കാട്ടുതീ മൂലമുണ്ടാകുന്ന ആപത്തിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ അവരെ ഭാഗമാക്കുന്നതിന്റെയും ഭാഗമായി പോസ്റ്ററുകൾ, ബാനറുകൾ, റാലികൾ, തിയറ്ററുകളിൽ സ്ലൈഡുകൾ, തെരുവ് നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ